ക്ലാസ് : X

# മതബോധനകേന്ദ്രം

## മാനന്തവാടി രൂപത

## Diploma Examination 2023-24

| | |
|---|---|
| ആകെ മാർക്ക് | 80 |
| പാർട്ട് 1 | 60 |
| പാർട്ട് 2 | 20 |
| സമയം: | 2 മണിക്കൂർ |

### പാർട്ട് 1

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** 10×1=10

*(വി. പൗലോസ് ശ്ലീഹ, ലാസർ, വി. പത്രോസ് ശ്ലീഹ, ബൈബിൾ, അപ്പോളജി, വി. ഫ്രാൻസിസ് അസ്സീസി, വി. ഡൊമിനിക് സാവിയോ, പ്രാർത്ഥന, വിശ്വാസം, 1953, 1952, സീനായ് മല, ഹോറെബ്, പന്ത്രണ്ടാം പീയൂസ് പാപ്പ, പതിനൊന്നാം പീയൂസ് പാപ്പ, കരുണ, സ്നേഹം, ദൈവഭയം)*

1. പരിസ്ഥിതിയുടെ മദ്ധ്യസ്ഥനായി സഭ വണങ്ങുന്ന വിശുദ്ധൻ.
2. ആദ്യം അച്ചടിച്ച ഗ്രന്ഥം.
3. ബഥാനിയായിൽ വച്ച് ഈശോ ഉയിർപ്പിച്ച വ്യക്തി.
4. കുടുംബത്തെ വിശുദ്ധീകരിക്കുകയും ദാമ്പത്യബന്ധത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതെന്ത്?
5. വിജാതീയനായ കൊർണേലിയൂസിനും കുടുംബത്തിനും മാമ്മോദീസ നൽകിയ ക്രിസ്തുശിഷ്യൻ.
6. തലശ്ശേരി രൂപത സ്ഥാപിതമായ വർഷം.
7. മോശ കത്തുന്ന മുൾപ്പടർപ്പിൽനിന്നും ദൈവസ്വരം ശ്രവിച്ച സ്ഥലം.
8. ദൈവത്തിൽ സർവ്വ ആശ്രയവും കണ്ടെത്താനും വിശുദ്ധി പ്രാപിക്കാനും മനുഷ്യനെ പ്രേരിപ്പിക്കുന്നത്.
9. സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ച പാപ്പ.
10. ഒരു വ്യക്തിയുടെ വിശുദ്ധി അളക്കുന്നതിനുള്ള തോത്.

**വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.** 5×1=5

11. ഒരു വ്യക്തിയുടെ വിശ്വാസ ജീവിതം അവന്റെ മാതൃസഭയുടെ ........................................ൽ അധിഷ്ഠിതമാണ്.
12. ജീവിത സാക്ഷ്യമാണ് ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ ..................................................
13. സഭയുടെയും സമൂഹത്തിന്റെയും അടിത്തറയും സജീവ ഘടകവുമാണ് ..................................................
14. .................................................. മിശിഹായുടെ തുടർച്ചയും കൂദാശയുമാണ്.
15. ഒരുവന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ പ്രേഷിത പ്രവർത്തനമാണ് ..................................................

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** 7×2=14

16. തോമാശ്ലീഹായുടെ ധീരത വ്യക്തമാക്കുന്ന പ്രഖ്യാപനം?
17. മനുഷ്യന്റെ സമഗ്ര വിമോചനത്തിനായി യത്നിക്കുന്ന സഭ പ്രധാനമായും പ്രവർത്തന നിരതമാകുന്ന നാല് മാർഗ്ഗങ്ങളേവ?
18. കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് പ്രാർത്ഥനാപൂർവ്വം വചനം പഠിക്കണമെന്ന് പറയാൻ കാരണമെന്ത്?
19. 'സഭ ലോകത്തിന്റെ മനഃസാക്ഷി' എന്നു പറയാനുള്ള രണ്ട് കാരണങ്ങൾ എഴുതുക.
20. ഇന്റർനെറ്റിന്റെ ദുരുപയോഗത്തിനെതിരെ സഭ പുറപ്പെടുവിച്ച രണ്ട് പ്രബോധന രേഖകൾ ഏവ?
21. കുടുംബത്തെ ഒരു ദേവാലയമാക്കിത്തീർക്കാനുള്ള രണ്ട് മാർഗ്ഗങ്ങൾ?
22. ദൈവസ്നേഹത്തിനും മനുഷ്യസ്നേഹത്തിനുമായി സമർപ്പിതർ പ്രതിഷ്ഠിതരായിരിക്കുന്നതെങ്ങനെ?

**ഉത്തരമെഴുതുക.** 4×4=16

23. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രേഷിതസ്വഭാവം വ്യക്തമാക്കുക.
24. നോട്ടുകുറിക്കുക:- 'സമർപ്പിതജീവിതം ഭാരതത്തിൽ'.
25. പൗരോഹിത്യ ശുശ്രൂഷയുടെ വിവിധ മാനങ്ങളിൽ ഏതെങ്കിലും 4 എണ്ണം എഴുതുക.
26. സമർപ്പിതരുടെ പ്രേഷിതദൗത്യങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.

**അഞ്ചു വാക്യത്തിൽ ഉത്തരമെഴുതുക.** 1×5=5

27. കുറിപ്പെഴുതുക - പൗരോഹിത്യ ശുശ്രൂഷയുടെ സ്ഥാനവും ധർമ്മങ്ങളും.

**ഉപന്യസിക്കുക.** 1×10=10

28. "മനുഷ്യമഹത്വം ഉയർത്താനും മൂല്യബോധം വളർത്താനും കൂട്ടായ പ്രവർത്തനം ആവശ്യമാണ്." (AA18) പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ വിവിധ ക്രൈസ്തവ സംഘടനകൾ വഹിക്കുന്ന പങ്കെന്ത്? (ഏതെങ്കിലും നാല് സംഘടനകൾ)

*അല്ലെങ്കിൽ*

നമുക്ക് വിശുദ്ധിയുടെ പ്രേഷിതരാകാൻ സാധിക്കുന്നതെങ്ങനെ? പതിനാലാം പാഠത്തെ അടിസ്ഥാനമാക്കി എഴുതുക.
(വിശുദ്ധിയുടെ ഉറവിടം-സ്വഭാവം-ഈശോയോട് കൂടെയായിരിക്കുക-സ്നേഹം വിശുദ്ധിയുടെ അളവുകോൽ -സഭ വിശുദ്ധിയിൽ വളർത്തുന്ന അമ്മ-വിശുദ്ധി അനുദിന ജീവിതത്തിൽ)

## പാർട്ട് 2

**ഉത്തരമെഴുതുക** 3×1=3

29. മതബോധനത്തിന്റെ പ്രഥമവും സത്താപരവുമായ വിഷയം?
30. കേരള സഭയിൽ ഉപയോഗിക്കപ്പെട്ട ആദ്യ വേദോപദേശ പുസ്തകം ഏത് പേരിലാണ് അറിയപ്പെടുന്നത്?
31. ബൈബിളിലെ പുസ്തകങ്ങൾ ദൈവനിവേശിതങ്ങളെന്ന് പ്രഖ്യാപിച്ച സൂനഹദോസ്?
32. ദുഃഖത്തിന്റെ നാലാം രഹസ്യമെഴുതുക. 2
33. വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനത്തിൽ നിങ്ങളെ സ്പർശിച്ച ഒരു വാക്യവും അതിന്റെ സന്ദേശവും എഴുതുക. 3
34. തിരുസഭയുടെ കൽപനകൾ എഴുതുക. 5
35. ലൈംഗിക തിന്മകളിൽ ഉൾപ്പെടാതിരിക്കാൻ എടുക്കേണ്ട മുൻകരുതലുകൾ ഉപപാഠപുസ്തകത്തെ അടിസ്ഥാനമാക്കി എഴുതുക. 7